**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5400** — **26.03.2018-ൽ മറുപടിക്ക്**

## മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റ്റി.വി.രാജേഷ്**<br>**,, എം. സ്വരാജ്**<br>**,, വി. അബ്ദുറഹിമാൻ**<br>**,, കെ.സുരേഷ് കുറുപ്പ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനായി മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | 1986 സെപ്തംബർ മാസം മുതൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന മത്സ്യത്തൊഴിലാളികൾക്കായി ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു ണ്ട്. അപകട സാഹചര്യങ്ങളെ തീർത്തും അവഗണിച്ചുകൊണ്ട് ജീവസന്ധാരണത്തിനും നാടിന്റെ നന്മയ്ക്കും വേ ണ്ടി പണിയെടുക്കുവാൻ ബാദ്ധ്യസ്ഥരായ മത്സ്യത്തൊഴിലാളികളുടെ കുടുംബ ഭദ്രത ഉറപ്പു വരുത്തുന്നതിനുവേ ണ്ടി നടപ്പാക്കിവരുന്ന പദ്ധതി യാണിത്. മത്സ്യബോർഡിൽ അംഗത്വമുള്ള എല്ലാ മത്സ്യത്തൊഴിലാളികളെയും ഈ പദ്ധതി പ്രകാരം ഇൻ ഷ ർ ചെയ്തിട്ടു ണ്ട്. ഇൻഷുറൻസ് പ്രീമിയമായി പ്രത്യേകം തുകയൊന്നും ഗുണഭോക്താക്കളിൽനിന്ന് ഈടാക്കുന്നില്ല എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത. 2018 ഡിസംബർ 16 വരെ നിലവിൽ രജിസ്ട്രേഡ് മത്സ്യത്തൊഴിലാളികളെ ഇൻഷുർ ചെയ്തിട്ടു ണ്ട്.<br><br>മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂ ല്യം ലഭിക്കത്തക്ക രീതിയിൽ മത്സ്യഫെഡ് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. |
| (ബി) | പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ ഏതെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യകതമാക്കാമോ; | (ബി) | ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക്/അവരുടെ നിയമാനുസൃത ആശ്രിതർക്ക് ലഭിക്കുന്ന ധനസഹായം താഴെ പറയുന്ന പ്രകാരമായിരിക്കും. |

| | |
|---|---|
| അപകടമരണം | 10 ലക്ഷം രൂപ |
| മത്സ്യബന്ധന വേളയിൽ അപകടംമൂലം കാണാതാകൽ | 10 ലക്ഷം രൂപ |
| അപകടംമൂലം സ്ഥിരവും പൂർണ്ണവുമായ അവശത | 10 ലക്ഷം രൂപ |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത</td><td>5 ലക്ഷം രൂപ</td></tr>
<tr><td>അപകടമരണമടഞ്ഞ മത്സ്യ ത്തൊഴിലാളികളുടെ കുട്ടി കൾക്ക് വിദ്യഭ്യാസ സഹായം</td><td>5000/-രൂപ പ്രകാരം പരമാവധി 10,000/- രൂപ</td></tr>
<tr><td>അപകടംമൂലം 24 മണിക്കൂ റിലധികം ആശുപത്രിയിൽ കിടത്തി ചികിൽസിക്കേണ്ടി വരുന്നവർക്ക് ധന്സഹായം</td><td>25,000/- (പരമാവധി)</td></tr>
</table>
മത്സ്യഫെഡ് നടപ്പാക്കുന്ന ഇൻഷ്വറൻസ് പദ്ധതി പ്രകാരം അപകട മരണത്തിന് 10 ലക്ഷം രൂപയും മരണാനന്തര ചടങ്ങുകൾക്കായി 2500/- രൂപയും മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി 10,000/- രൂപ (ഒരാളിന് അയ്യായിരം രൂപ വീതം) വ്യവസ്ഥ കൾക്ക് വിധേയമായി നൽകി വരുന്നു. ടി പദ്ധതി യിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ തോതനു സരിച്ച് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.
</td>
</tr>
<tr>
<td>(സി)</td>
<td>ഓഖി പോലെയുള്ള ദുരന്തങ്ങളും തുടർച്ചയായുള്ള കടൽക്ഷോഭങ്ങളും ഉണ്ടാകുന്ന സാഹചര്യത്തിൽ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതി കൂടുതൽ മത്സ്യത്തൊഴിലാളികളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?</td>
<td>(സി)</td>
<td>നിലവിൽ ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള എല്ലാ രജിസ്ട്രേഡ് മത്സ്യത്തൊഴിലാളികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉണ്ട്. ഓഖി പോലെയുള്ള ദുരന്തങ്ങളും തുടർച്ചയായുള്ള കടൽക്ഷോഭങ്ങളും ഉണ്ടാകുന്ന സാഹചര്യത്തിൽ അംഗത്വമെടുക്കേ ണ്ടതിന്റെ ആവശ്യകതയും പദ്ധതികൾ സംബ ന്ധിച്ചും മത്സ്യത്തൊഴിലാളികളെ ബോധ വൽക്ക രണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.</td>
</tr>
</table>

സെക്ഷൻ ഓഫീസർ